(ജെ) സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സി.എ. ആയി ജോലി ചെയ്തിരുന്നവരെയാണ് ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുള്ളത്. നിലവിലുള്ള കെ.എച്ച്.ആർ.ഡബ്ലിയു.എസ്.ന്റെ സ്പെഷ്യൽ റൂൾസ് അനുസരിച്ച് പി.എ./ സി.എ.യുടെ തസ്തിക നിലവിലില്ല. അതുകൊണ്ട് പ്രസ്തുത തസ്തികയിലേക്കുള്ള യോഗ്യതയും നിശ്ചയിച്ചിട്ടില്ല.

പുറക്കാട്ടിരിയിൽ ഒരു ഹെൽത്ത് റിസോർട്ട്

121 [2553] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുറക്കാട്ടിരിയിൽ കെ.എച്ച്.ആർ.ഡബ്ലിയു.എസ്. ഒരു ഹെൽത്ത് റിസോർട്ട് തുടങ്ങുന്നതിന് കെട്ടിടം പണിയുകയുണ്ടായോ;

(ബി) എങ്കിൽ പണി പൂർത്തിയായോ;

(സി) ഇതിന്റെ നടത്തിപ്പ് ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) (ഔഷധി)യെ ഏൽപ്പിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഈ കാര്യം പരിഗണിക്കാൻ ദയവുണ്ടാകുമോ?

ഉത്തരം

(എ) & (ബി) കോഴിക്കോട് ജില്ലയിലെ പുറക്കാട്ടിരിയിൽ കെ.എച്ച്.ആർ.ഡബ്ലിയു.എസ്. ഒരു ഹെൽത്ത് റിസോർട്ട് തുടങ്ങാനുള്ള പദ്ധതിയുണ്ട്. റിസോർട്ടിന്റെ പണി ഭാഗികമായി തീർന്നിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ധനകാര്യസ്ഥാപനങ്ങളുടെ സാമ്പത്തികസഹായത്തോടുകൂടി കെ.എച്ച്.ആർ.ഡബ്ലയു.എസ്. പുറക്കാട്ടിരിയിലെ ഹെൽത്ത് റിസോർട്ട് നേരിട്ടു നടത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

പകർച്ചവ്യാധികൾ

122 [2555] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുമ്പെങ്ങുമില്ലാത്തവിധം പകർച്ചവ്യാധികൾ വ്യാപിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പകർച്ചവ്യാധികൾ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമാണോ എന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മുമ്പെങ്ങുമില്ലാത്തവിധം പകർച്ചവ്യാധികൾ വ്യാപിക്കുന്നതായി ഉള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മൺസൂൺകാലത്ത് ഉണ്ടാകാവുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിന് മഴക്കാലത്തിനുമുൻപുതന്നെ മുൻകരുതലുകൾ എടുത്തിരുന്നു. മഴക്കാലത്ത് സാധാരണയായി ഉണ്ടാകാറുള്ള വൈറൽപ്പനി, മലമ്പനി, എലിപ്പനി, മഞ്ഞപ്പിത്തം, വയറിളക്കം, ഡെങ്കിപ്പനി തുടങ്ങിയ രോഗങ്ങൾ പ്രതിരോധിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. അതിൻപ്രകാരം പനി ചികിത്സാകേന്ദ്രങ്ങൾ എല്ലാ ആശുപത്രികളോടനുബന്ധിച്ചും ആരംഭിച്ചു.

രോഗനിർണ്ണയത്തിനുള്ള നൂതന സാങ്കേതികവിദ്യകൾ അടിസ്ഥാനമാക്കിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി ആശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ജീവൻരക്ഷാ മരുന്നുകളുടെ ലഭ്യത എല്ലാ ആശുപത്രികളിലും ഉറപ്പുവരുത്തി, കീടനാശിനികൾ, ബ്ലീച്ചിംഗ് പൗഡർ, ലോഷൻ തുടങ്ങിയവ ആവശ്യാനുസരണം എല്ലാ ജില്ലകളിലും ലഭ്യമാക്കി. ഫോഗിംഗ്, മത്സ്യക്കുഞ്ഞുങ്ങളെ ജലശേഖരങ്ങളിൽ നിക്ഷേപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തി, കൊതുകുനിയന്ത്രണ പരിപാടികൾ ഊർജ്ജിതമാക്കി.

പ്രതിരോധപ്രവർത്തനങ്ങൾ മുടക്കമില്ലാതെ നടത്തുന്നതിനാവശ്യമായ ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്. പ്രതിരോധപ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാവശ്യമായ ആരോഗ്യ വിദ്യാഭ്യാസ പരിപാടികളും നടപ്പിലാക്കിവരുന്നു.

(ബി) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു എപ്പിഡമിക് കൺട്രോൾ സെൽ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് ദിനംപ്രതി ഉണ്ടാകുന്ന പകർച്ചവ്യാധികളുടെ വിവരങ്ങൾ ശേഖരിക്കുകയും ഇതിന്റെ നിയന്ത്രണ നടപടികൾ കൈക്കൊള്ളുന്നത് വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിവിവരക്കണക്കനുസരിച്ച് പകർച്ചവ്യാധികൾ കുറഞ്ഞു വരുന്നതായിട്ടാണ് കാണിക്കുന്നത്.

29-6-2005-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും വകുപ്പ് അദ്ധ്യക്ഷൻമാരുടെയും ഒരു യോഗം വിളിച്ചു കൂട്ടുകയും സംസ്ഥാനതലത്തിൽ പകർച്ചവ്യാധികൾ തടയുന്നതിനുള്ള മാർഗ്ഗരേഖയും പദ്ധതികളും അംഗീകരിക്കുകയുമുണ്ടായി.

എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായി, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ഇന്റർ ഡിപ്പാർട്ടുമെന്റൽ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുകയും ജില്ലാതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും അവലോകനം നടത്തുകയും ചെയ്തുവരുന്നു.

കൊതുകു നിവാരണപദ്ധതിപ്രകാരം അക്വേറിയം നിർമ്മിക്കൽ

123 [2557] *ശ്രീ. എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം പി.എച്ച്.സി.യിൽ കൊതുക് നിവാരണപദ്ധതിപ്രകാരം മത്സ്യം വളർത്തുന്നതിന് അക്വേറിയം നിർമ്മിക്കുന്നതിന് 2003-2004-ൽ ആരോഗ്യവകുപ്പിൽനിന്നും നൽകിയ ധനസഹായം അക്വേറിയം നിർമ്മിക്കാതെ അപഹരിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് ഉത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹാച്ചറി നിർമ്മിക്കുന്നതിന് 2003-2004 വർഷം ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസറിൽനിന്നും 5000 രൂപ വള്ളിക്കുന്നം പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ആഫീസർക്ക് അനുവദിച്ചിട്ടുണ്ട്. ഇതിൽ 3000 രൂപ ട്രഷറിയിൽനിന്നും 30-3-2004-ൽ പിൻവലിച്ച് ആശുപത്രി പരിസരത്ത് ഒരു ഫിഷ് ഹാച്ചറി നിർമ്മിച്ച വകയിൽ ശ്രീ. രവീന്ദ്രൻപിള്ള, അമരശ്ശേരിൽ എന്നയാൾക്ക് 6-8-2004-ലെ രസീത് പ്രകാരം നൽകിയിട്ടുണ്ട്. ട്രഷറിയിൽനിന്നും ബാക്കി തുക പിൻവലിച്ചിരുന്നില്ല.

GPM. 2/588/2012—20

LIBRARY ARCHIVES Kerala Legislative Assembly